ഖുത്ബ
27.4.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# തിരുമേനിയുടെ ജീവിതപരിശുദ്ധി

قُلْ نَزَّلَهُ رُوحُ الْقُدُسِ مِنْ رَّبِّكَ بِالْحَقِّ لِيُثَبِّتَ
الَّذِينَ آمَنُوا وَهُدًى وَّبُشْرَىٰ لِلْمُسْلِمِينَ

പറയുക. 'നിന്റെ നാഥനിൽനിന്ന് പരിശുദ്ധാത്മാവ് സത്യമായവിധത്തിലിറക്കിയതാണിത്. വിശ്വാസികളെ ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടിയും മുസ്ലിംകൾക്ക് മാർഗദർശകവും സുവിശേഷവുമായും ഇതിറക്കിയിരിക്കുന്നു' (16:103).

അല്ലാഹുവിന്റെ മറ്റ് മഹനീയഗുണങ്ങൾ പോലെതന്നെ, മഹനീയഗുണമായ ഖുദ്ദൂസിൽനിന്നും ഏറ്റവും കൂടുതൽ അനുഗ്രഹം പ്രാപിക്കുന്നതിലും അത് തന്നിൽ നടപ്പിൽവരുത്തുന്നതിലും അവനോട് പ്രാർത്ഥിക്കുന്നതിലും മുഴുകിയിരുന്ന ഏതെങ്കിലും ആളുണ്ടായിരുന്നെങ്കിൽ, അത് നബി(സ) തിരുമേനിയായിരുന്നു. അവിടന്ന് മാത്രമായിരുന്നു ആ പരിപൂർണ്ണമനുഷ്യനും പരിപൂർണനബിയും. അവിടന്ന് അല്ലാഹുവിന്റെ നിറം പരിപൂർണമായ നിലയിൽ തന്നിൽ പൂശി. അല്ലാഹുവും, നബി(സ) തിരുമേനിയ്ക്കുതന്നെയാണ് തന്റെ മഹനീയഗുണം ഏറ്റവും കൂടുതൽ നല്കി അനുഗ്രഹിച്ചത്. തന്റെ സമുദായത്തേയും നബി(സ) തിരുമേനി വിവിധരീതിയിൽ ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്തു. ആ പരിശുദ്ധനായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്നതിനും, അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതിനും വേണ്ടി നിങ്ങൾക്കും നിങ്ങളുടെ മനസ്സിൽനിന്നും എല്ലാ വളവുകളും അകറ്റുകയും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടിവരും. അപ്പോൾ മാത്രമേ നിങ്ങളുടെ ബന്ധം ഞാനുമായും എന്റെ അല്ലാഹുവുമായും ഉണ്ടാകുകയുള്ളൂ.

ഇതുസംബന്ധമായി ഇന്ന് ഞാൻ വിവിധ ഹദീസുകൾ പറയുന്നതാണ്. ഇവയിൽ നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ പല വശങ്ങളും പ്രാർത്ഥനകളും സത്യവിശ്വാസികൾക്ക് ഉപദേശങ്ങളുമുണ്ട്. ഇപ്രകാരംതന്നെ നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയും ദാസനുമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)- ആ മഹാത്മാവ് തന്നെയും ഇന്ന് നബി(സ) തിരുമേനിയുടെ പരിശുദ്ധശക്തിക്കുള്ള അടയാളമാണ്- ഏത് രീതിയിലാണോ നബി(സ) തിരുമേനിയുടെ ഈ അനുഗ്രഹവും അവിടത്തെ സ്ഥാനവും മനസ്സിലാക്കിയതും, നമ്മോട് പറഞ്ഞതും ആ ഉദ്ധരണികളും പറയുന്നതാണ്.

നബി(സ) തിരുമേനി ചെയ്ത ഒരു പ്രാർത്ഥനയുണ്ട്. അത് ആയിശ(റ) നിവേദനം ചെയ്തതാണ്. ആയിശ(റ) പറയുന്നു. നബി(സ) തിരുമേനി റുകൂയിൽ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. '***സുബ്ബൂഹുൻ, ഖുദ്ദൂസുൻ റബ്ബുൽമലാഇക്കത്തി വർറൂഹ്***' പരിശുദ്ധവും അനുഗൃഹീതവും പവിത്രവുമായ മലക്കുകളുടേയും റൂഹിന്റേയും സ്രഷ്ടാവും പരിപാലകനുമായവൻ. ഒരു നിവേദനത്തിൽ ഇത് മലക്കുകൾ ചെയ്യുന്ന സ്തോത്രമാണെന്ന് വന്നിട്ടുണ്ട്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് സഈദ് ബിൻ അബ്ദുർറഹ്മാൻ തന്റെ പിതാമഹനിൽ നിന്ന് നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി വിത്ർ നമസ്കാരത്തിൽ ആദ്യത്തെ റക്അത്തിൽ അഅ്ലാ എന്ന അധ്യായം രണ്ടാമത്തെ റക്അത്തിൽ കാഫിറൂൻ എന്ന അധ്യായം മൂന്നാമത്തെ റക്അത്തിൽ ഇഖ്ലാസ് എന്ന അധ്യായവും ഓതാറുണ്ടായിരുന്നു. സലാം വീട്ടിക്കഴിഞ്ഞാൽ മൂന്നുപ്രാവശ്യം ഉച്ചത്തിൽ '***സുബ്ഹാനൽമലിക്കിൽ ഖുദ്ദൂസ്***' എന്ന് പറയുമായിരുന്നു. രാജാവും പവിത്രനുമായ അവൻ പരിശുദ്ധനാകുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: '***സുബ്ഹാനൽ മലിക്കിൽ ഖുദ്ദൂസ്***' എന്ന് വിളിച്ചുപറയുന്ന ഒരാൾ വിളിച്ചുപറയാത്ത ഒരു പ്രഭാതവും മനുഷ്യനുമേൽ ഉദിക്കുന്നില്ല. അതായത്, രാജാവും പവിത്രനുമായ അവൻ പരിശുദ്ധനാകുന്നു.

ഹിജ്റത്ത് ചെയ്തവരിൽപെട്ട ഹദ്റത്ത് യുസേര(റ) വിവരിക്കുന്നു. നബി(സ) തിരുമേനി ഞങ്ങളോടു പറഞ്ഞു: ''തസ്ബീഹിനേയും തഹ്ലീലിനേയും തഖ്ദീസിനേയും നിങ്ങൾ മുറുകെപിടിച്ചുകൊള്ളുക.'' അതായത്, തസ്ബീഹ് ചെയ്യുക. തഹ്ലീൽ എന്നു പറയുന്നത് അല്ലാഹുവിന്റെ ഏകത്വം പറയലാണ്. അവനെക്കൂടാതെ മറ്റാരേയും ആരാധ്യവസ്തുവായി കരുതാതിരിക്കുക. അതായത്, ലാഇലാഹ ഇല്ലല്ലാഹ് എന്നു പറയുക. തഖ്ദീസ്, അതായത് അല്ലാഹുവിനെ പരിശുദ്ധനും അന്യൂനനുമായി സമ്മതിക്കുക. 'ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളെ

നിനക്കുവേണ്ടി പരിശുദ്ധമാക്കിവയ്ക്കും' എന്ന് പ്രതിജ്ഞ ചെയ്യുക. ഇത് ഒരു സത്യവിശ്വാസിയുടെ മഹിമാവിലാസം ആയിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ, ഖുദ്ദൂസായ അല്ലാഹുവിനെ വിശ്വസിക്കുന്നവരാണെന്ന് നാം വാദിച്ചാലും എല്ലാവരേക്കാളും പരിശുദ്ധമായ ശക്തിയാർജ്ജിച്ച നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവരാണെന്ന അവകാശവാദമുന്നയിച്ചാലും സ്വയം നാം നമ്മളെ പരിശുദ്ധരാക്കുന്നില്ലെങ്കിൽ അത് തഖ്ദീസല്ല. തസ്ബീഹിനേയും തഹ്ലീലിനേയും തഖ്ദീസിനേയും മുറുകെപിടിക്കാൻ ഇവിടെ പറഞ്ഞിരിക്കുന്നു. "വിരലുകളുടെ സന്ധികളിൽ അവ എണ്ണുക. എന്തുകൊണ്ടെന്നാൽ ഖിയാമത്തുന്നാൾ ഇവയോടു ചോദിക്കും. അപ്പോൾ ഇവ മറുപടി പറയുന്നതാണ്. അശ്രദ്ധരാവരുത്. അശ്രദ്ധരായാൽ നീ കാരുണ്യത്തെ മറന്നുപോകും."

മറ്റൊരു പ്രാർത്ഥന അവിടന്ന് പഠിപ്പിച്ചു. ഹദ്റത്ത് ഉസാലബിൻ ഉബയ്ദ് അൻസാരി പറയുന്നു: ആരെങ്കിലും എന്റെയടുക്കൽ വരികയാണെങ്കിൽ അവർക്ക് ചൊല്ലിഊതിക്കൊടുക്കുന്നതിന് നബികരീം(സ) എന്നെ ചൊല്ലിഊതാൻ പഠിപ്പിച്ചു. ആ ദുആ ഇതായിരുന്നു. "നമ്മുടെ അല്ലാഹു ആകാശത്തിലുള്ളവനാണ്. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ നാമം പരിശുദ്ധവും അനുഗൃഹീതവുമാണ്. ആകാശത്തിലും ഭൂമിയിലും നിന്റെ ഭരണമാണ്. അല്ലാഹുവേ, ആകാശത്തിൽ നിന്റെ ഭരണംപോലെ ഭൂമിയിലും നിന്റെ കരുണ ഇറക്കിയാലും. പരിശുദ്ധരായവരുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും തെറ്റുകളും പൊറുത്തുതന്നാലും. നിന്റെ കാരുണ്യങ്ങളിൽനിന്ന് ഒരു കാരുണ്യം ഇറക്കിയാലും. നിന്റെ ശിഫായിൽനിന്ന് ഒരു ശിഫാ ഇറക്കിയാലും. പിന്നീട് അവിടന്ന് ഇങ്ങനെ പറഞ്ഞു. ഈ വചനങ്ങൾ മൂന്നുതവണ ചൊല്ലുക. പിന്നീട് സൂറത്തുൽഫലഖും സൂറത്തുന്നാസും മൂന്നുപ്രാവശ്യം ചൊല്ലുക."

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ശർറുസുന്നായിൽ വന്നിട്ടുള്ള നിവേദനമാണ്. അബ്ദുല്ലാഹ്ബിൻ മസ്ഊദ്(റ)ന് നബി(സ) തിരുമേനി മദീനയിൽ അൻസാറുകളുടെ വാസസ്ഥലത്തിനും ഈന്തപ്പനതോട്ടത്തിനുമിടയിൽ ഒരു ഭൂസ്വത്ത് നല്കി. ഇതിൽ അബൂ അഫ് ബിൻ സഹ്റ പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിൽനിന്ന് ഇബ്നു ഉമ്മു അബ്ദിനെ അതായത് അബ്ദുല്ലാഹ്ബിൻ മസ്ഊദ്(റ)നെ അകറ്റിയാലും." അത് കേട്ടപ്പോൾ നബി(സ) തിരുമേനി പറഞ്ഞു. "പിന്നെയെന്തിനാണ് അല്ലാഹു എന്നെ നിയോഗിച്ചത്? തങ്ങളുടെ ബലഹീനരായവർക്കുവേണ്ടി അവരുടെ അവകാശം എടുക്കാത്തിടത്തോളംകാലം തീർച്ചയായും അല്ലാഹു ഒരു സമുദായത്തിനും പരിശുദ്ധി നല്കുകയില്ല."

അതുകൊണ്ട് ഖുദ്ദൂസിയ്യത്തിന്റെ അനുഗ്രഹവും അല്ലാഹുവിന്റെ പരിശുദ്ധിയും വാഴ്ത്തുകയും വലിയവരും കഴിവുള്ളവരുമായ ഓരോരുത്തരും ഓരോ മുതലാളിമാരും ഓരോ ഉദ്യോഗസ്ഥരും ഓരോ മേൽനോട്ടക്കാരും തങ്ങളുടെ കീഴിലുള്ളവരുടേയും തങ്ങളിലുള്ള ബലഹീനരുടേയും അവകാശം, നീതിയോടുകൂടി നല്കുകയും ചെയ്യുമ്പോഴാണത് ഫലപ്രദമാകുന്നത്.

ഹദ്റത്ത് സലമ(റ) പറയുന്നു. ഒരു യുദ്ധത്തിൽ പാഥേയത്തിനും റേഷനും വളരെ ഞെരുക്കമുണ്ടായി. സ്വഹാബിമാർ വിഷമിച്ച് നബി(സ)യുടെ സന്നിധിയിലെത്തി. തങ്ങളുടെ യാത്രാവാഹനമായ ഒട്ടകത്തെ അറുക്കാൻ അവർ അനുവാദം ചോദിച്ചു. നബി(സ) അവർക്ക് അനുവാദം കൊടുത്തു. ഹദ്റത്ത് ഉമർ(റ) ആ സഹാബിമാരെ കണ്ടു. അവർ അദ്ദേഹത്തോട് നടന്നതെല്ലാം പറഞ്ഞു. ഹദ്റത്ത് ഉമർ(റ) ചോദിച്ചു: ഇതിനെ അറുത്താൽ പിന്നെ യാത്രയ്ക്ക് നിങ്ങൾ എന്തു ചെയ്യും? ഹദ്റത്ത് ഉമർ(റ) നബിയുടെ അടുക്കൽവന്നുപറഞ്ഞു, അല്ലാഹുവിന്റെ റസൂലേ, ഒട്ടകത്തെ അറുത്താൽ അവർ യാത്രയ്ക്ക് എന്തു ചെയ്യും? 'ഓരോരുത്തരുടേയും കൈയിൽ അവശേഷിച്ചിട്ടുള്ള ഭക്ഷണവസ്തുക്കൾ കൊണ്ടുവരാൻ, ജനങ്ങളോട് പറയുക' എന്ന് നബി(സ) പറഞ്ഞു. പിന്നീട് അവിടന്ന് ദുആ ചെയ്തു. അതിൽ ബർക്കത്തുണ്ടായി. പിന്നീട് സ്വഹാബിമാരോടു പാത്രം കൊണ്ടുവരാൻ അവിടന്ന് പറഞ്ഞു. എല്ലാ സഹാബിമാരും ഭക്ഷണം തങ്ങളുടെ പാത്രം നിറയെ എടുത്തു. പിന്നീട് നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹുവല്ലാതെ, ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. ഞാൻ അല്ലാഹുവിന്റെ റസൂലാണ്."

ഇത് നബി(സ) തിരുമേനിയുടെ പരിശുദ്ധമായ ശക്തിപ്രഭാവവും ദുആ സ്വീകാര്യതയുമായിരുന്നു. അത് പട്ടിണിയുടെ അപ്പോഴത്തെ ആശങ്കാകരമായ അവസ്ഥയെ ഐശ്വര്യാവസ്ഥയാക്കിത്തീർത്തു.

നബി(സ) തിരുമേനിക്ക് അല്ലാഹു നല്കിയ ആ പരിശുദ്ധമായ ശക്തിപ്രഭാവം മുഖേന സ്വഹാബത്തിന്റെ ചിന്താഗതികളേയും അവരുടെ അവസ്ഥകളേയുമെല്ലാം അവിടന്ന് പരിശുദ്ധമാക്കിത്തീർത്തു. ഏത് കല്പന അല്ലാഹുവിൽനിന്നിറങ്ങിയാലും അവിടന്ന് ഉടനെ അത് വിളംബരം ചെയ്യുമായിരുന്നു. സ്വഹാബത്ത് ഒന്നും ആലോചിക്കാതെ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നു. ചെവിയിൽ വന്ന് ശബ്ദം അടിച്ചുടനെ അതനുസരിച്ചുള്ള പ്രവർത്തനം അവർ ആരംഭിച്ചിരുന്നു. ആരോടാണ് കല്പിച്ചത്, എന്തിനാണ് കല്പിച്ചത് എന്ന അന്വേഷണം പിന്നീടാണുണ്ടായിരുന്നത്. സ്വഹാബ

ത്തിന്റെ ജീവിത പരിശുദ്ധിയുടെ നിലവാരം എത്ര മാത്രം ഉയർന്നിരുന്നുവെന്നുവെച്ചാൽ, അതിനുദാഹരണം എടുത്തുകാണിക്കാൻ പറ്റില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു. "മദ്യം നിരോധിച്ചുകൊണ്ടുള്ള കല്പന ഇറങ്ങിയ ദിവസം. ഞാൻ ആ ദിവസം അബൂത്വൽഹായുടെ വീട്ടിൽ ഒരു സംഘമാളുകൾക്ക് മദ്യം വിളമ്പുന്ന തിരക്കിലായിരുന്നു. അക്കാലത്ത് അറബികൾ 'ഫസീൻ' എന്നു പേരുള്ള മദ്യമാണ് ഉപയോഗിച്ചിരുന്നത്. (പ്രത്യേക മദ്യമായിരുന്നു. അത് പച്ചയും ഉണക്കയുമായ ഈന്തപ്പഴത്തിൽനിന്നാണ് ഉണ്ടാക്കിയിരുന്നത്) ആരോ വിളിച്ചുപറയുന്ന ശബ്ദം കേട്ടു. വീട്ടിൽനിന്ന് വെളിയിലിറങ്ങി എന്താണ് വിളിച്ചുപറയുന്നതെന്ന് ശ്രദ്ധിക്കാൻ അബൂത്വൽഹ എന്നോട് പറഞ്ഞു. ഞാൻ വീടിനു വെളിയിൽ വന്നു. അപ്പോൾ, മദ്യം നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്ന് ഒരാൾ വിളിച്ചുപറയുന്നത് കേട്ടു. മദീനയിലെ ഇടവഴികളിൽ മദ്യം ഒഴുകാൻ തുടങ്ങിയെന്ന് നിവേദകൻ പറയുന്നു. അപ്പോൾ അബൂത്വൽഹ, മദ്യം ഒഴുക്കിക്കളയാൻ എന്നോടു പറഞ്ഞു. അങ്ങനെ ഞാൻ മദ്യം മറിച്ചുകളഞ്ഞു.

ഇതുപോലെ മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂത്വൽഹ(റ) പറഞ്ഞു: അനസേ, ഈ മദ്യചഷകങ്ങളെല്ലാം ഉടച്ചുകളയുക. അതിനുശേഷം സ്വഹാബത്ത് മദ്യം കുടിച്ചിട്ടില്ലെന്നും അതിനെക്കുറിച്ച് ആരോടും ഒന്നും ചോദിച്ചിട്ടില്ലെന്നും നിവേദകൻ പറയുന്നു. ഇതായിരുന്നു സ്വഹാബത്തിന്റെമേലുണ്ടായിരുന്ന നബി(സ) തിരുമേനിയുടെ പരിശുദ്ധിയുടെ സ്വാധീനം. ശരിയാണോ എന്നന്വേഷിക്കാൻ ആരും പറഞ്ഞില്ല. ഇതുവരെ നിങ്ങൾ കുടിക്കുകയായിരുന്നു, ഇപ്പോൾ പെട്ടെന്നിങ്ങനെ കല്പന വന്നത് ശരിയാണോ എന്ന് നോക്കാനും ആരും തുനിഞ്ഞില്ല.

പരിശുദ്ധഹൃദയരും അനുസരണത്തിന്റെ ഉന്നതശ്രേണിയിലുള്ളവരുമായവരുടെ പെട്ടെന്നുള്ള പ്രതികരണം, ആദ്യം പ്രവർത്തിക്കുക എന്നതായിരിക്കും. സ്വഹാബത്ത് മാശാഅല്ലാഹ് സൂക്ഷ്മമമായി ചിന്തിക്കുന്നവരായിരുന്നു. തങ്ങളുടെ ഹൃദയത്തേയും തലച്ചോറിനേയും പരിശുദ്ധമാക്കുന്ന കല്പന അല്ലാഹുവിൽനിന്നും അവന്റെ ദൂതനിൽ(സ)നിന്നുംതന്നെയായിരിക്കുമെന്ന് അവർക്കറിയാമായിരുന്നു.

മദ്യം ഉപയോഗിച്ചിരുന്നുവെങ്കിലും അതിന്റെ ദോഷങ്ങളെക്കുറിച്ച് അവർ ബോധവാന്മാരും ആയിരുന്നു. തങ്ങളുടെ പല സഹോദരന്മാരും മദ്യലഹരിയിൽ കോപ്രായങ്ങൾ കാട്ടിക്കൂട്ടുന്നത് അവർ കണ്ടവരായിരുന്നു. അവർ ചില കലഹങ്ങളിലും അകപ്പെട്ടിരുന്നു. ജനഹൃദയങ്ങളെ പരിശുദ്ധമാക്കുന്നതിനും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും സംതൃപ്തി കരസ്ഥമാക്കുന്നതിനുമുള്ള മറ്റൊരു ഉദാഹരണവുമുണ്ട്.

അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂൽ നബി(സ) തിരുമേനിയെ അനാവശ്യം പറഞ്ഞഘട്ടം. അപ്പോൾ അവിടന്ന് നിശ്ശബ്ദത പാലിച്ചു. എന്നാൽ, ആളുകൾ പറയാൻ തുടങ്ങിയ കാരണത്താൽ, അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സുലൂലിന്റെ മകനായ അബ്ദുല്ലാഹ്, നബി(സ)യുടെ സന്നിധിയിൽ വന്നു പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ(സ) അബ്ദുല്ലാഹ് ബിൻ ഉബയ്യ് അനാവശ്യം പറഞ്ഞ കാരണത്താൽ അയാളെ കൊല്ലാൻ തീരുമാനിച്ചിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞതായി എനിക്കറിയാൻ കഴിഞ്ഞു. അല്ലാഹുവിന്റെ റസൂലേ, അങ്ങ് അങ്ങനെ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ അത് നടപ്പിൽവരുത്താൻ എനിക്കതിന് കല്പന നല്കേണ്ടതാണ്. ഞാൻതന്നെ അയാളുടെ തല അങ്ങയുടെ മുന്നിൽകൊണ്ടുവരും. അല്ലാഹുവാണ, എനിക്ക് ഖിസ്റജിനെ അറിയാം, അവരിൽ ആരും എന്നെപ്പോലെ എന്റെ പിതാവിനെ അറിയുന്നവരായിട്ടില്ല. എന്റെ പിതാവിനെ കൊല്ലാൻ മറ്റാരോടെങ്കിലും അങ്ങ് കല്പിക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്ന്റെ ഘാതകനെ ജനങ്ങളിൽ തിരഞ്ഞുനടക്കുന്നവനായി അങ്ങ് എന്നെ വിടാതിരുന്നാലും. പിന്നീട് അയാളോടു പകരം വീട്ടാൻ ഒരു കാഫിറിന് പകരം ഒരു സത്യവിശ്വാസിയെ കൊലചെയ്യേണ്ട അവസ്ഥ വരാനും അങ്ങനെ ഞാൻ നരകത്തിൽ പതിക്കാനും ഇടയുണ്ടാകരുത്." അബ്ദുല്ലാഹ്(റ)ന്റെ ഈ വാക്കുകൾ കേട്ട് നബി(സ) പറഞ്ഞു: "കാര്യം താങ്കൾ ധരിച്ചതുപോലെയല്ല. നാം അദ്ദേഹത്തോട് അലിവോടും ദയയോടുംകൂടി പെരുമാറുന്നതാണ്. നമ്മളോടൊപ്പം നില്ക്കുന്നിടത്തോളം കാലം നാം അദ്ദേഹത്തിനോട് നല്ലനിലയിൽ പെരുമാറുന്നതാണ്." ഇതായിരുന്നു അവിടത്തെ പരിശുദ്ധശക്തിയുടെ സ്വാധീനം. പിതാവുമായിട്ടുള്ള രക്തബന്ധം കാരണത്താൽ, താൻ വീണ്ടും ആ അശുദ്ധതിൽപെടാൻ പാടില്ല. അതുകൊണ്ടുതന്നെ നരകത്തിലേക്ക് കൊണ്ടുപോകാനിടയുള്ളതും അല്ലാഹുവിൽനിന്നും അവന്റെ റസൂലിൽനിന്നും അകറ്റാനിടയുള്ളതുമായ ആ എല്ലാ സാധ്യതകളും ഒഴിവാക്കാനായി, അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി സ്വന്തം പിതാവിനെ കൊല്ലാൻ അദ്ദേഹം തയ്യാറായി. പക്ഷേ, ഔദാര്യത്തിന്റേയും നന്മയുടേയും ആൾരൂപമായിരുന്ന നബി(സ) പറഞ്ഞു: "പാടില്ല. ഞാൻ മാപ്പാക്കിയിരിക്കുന്നു. മാപ്പ് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യും. ഈ അഴുക്കുകളും കീടങ്ങളുമായി എനിക്ക് ഒരു പോരാട്ടവുമില്ല." അങ്ങയുടെ പരിശു

ഢമായ ശക്തി, അങ്ങയെ വിശ്വസിക്കുന്നവരുടെ ചിന്താഗതിയേയും മാറ്റിമറിച്ചിരുന്നു.

അലി(റ)യുടെ ഒരു സംഭവം ചരിത്രത്തിൽ കാണാം. അദ്ദേഹം ഒരു പോരാട്ടത്തിൽ തന്റെ എതിരാളിയെ വീഴ്ത്തി. അപ്പോൾ അയാൾ അലിയുടെ മുഖത്ത് തുപ്പി. അവിടന്ന് അയാളെ വിട്ടയച്ചു. അയാൾ ചോദിച്ചപ്പോൾ പറഞ്ഞു. "ഞാൻ നീയുമായി യുദ്ധം ചെയ്തത് അല്ലാഹുവിനുവേണ്ടിയായിരുന്നു. ഇപ്പോൾ എന്റെ വ്യക്തിത്വം അതിൽ ചേർന്നുപോയി. വ്യക്തിപരമായ കാര്യം ഇതിന്നിടയിൽ വന്നതുകൊണ്ട് നിന്നെ ഞാൻ വിട്ടയക്കുന്നു." ഇതായിരുന്നു നബി (സ) തന്റെ സ്വഹാബാക്കളിൽ വരുത്തിയ പരിശുദ്ധമായ മാറ്റങ്ങൾ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നബി(സ) തിരുമേനിയുടെ കാലത്തുണ്ടായിരുന്ന അറേബ്യയുടെ അവസ്ഥകൾ ചിത്രീകരിച്ചുകൊണ്ടു പറയുന്നു.

"അത്ഭുതകരമായ അടയാളങ്ങൾ കൊണ്ട് നിറഞ്ഞുകിടക്കുന്ന പുണ്യമായ മതമാണ് ഇസ്ലാം. നമ്മുടെ നബി, ആ ഉദാരനായ നബിയാണ്. അദ്ദേഹം, ഭാഗ്യവാന്മാരായ എല്ലാ മനുഷ്യരിലേക്കുമെത്തുന്നതും, സ്വന്തം അനുഗ്രഹത്താൽ അവരെ വലയം ചെയ്യുന്നതുമായ അത്തർ പൂശപ്പെട്ട നബിയാണ്. ആ നബി അല്ലാഹുവിന്റെ കൈയാൽ സൃഷ്ടിക്കപ്പെട്ടയാളാണ്. അദ്ദേഹം നമ്മുടെയടുത്ത് വഴികേട് വ്യാപിച്ചിരുന്ന നേരത്ത് വന്നു. തന്റെ മനോഹരമായ മുഖം നമുക്ക് വെളിവാക്കി. നമുക്ക് അനുഗ്രഹം എത്തിക്കുന്നതിനായി തന്റെ സൗരഭ്യം പരത്തി. അദ്ദേഹം കളവിന്റെമേൽ ആക്രമണം നടത്തി അതവസാനിപ്പിച്ചു. തന്റെ സത്യസന്ധതയിൽ തെളിവിന്റെയൊന്നും ആവശ്യമില്ലാത്ത വ്യക്തമായ കാര്യത്തിലേക്ക് വെളിവായി. അല്ലാഹുവിനെ കാണുമെന്നുള്ള പ്രതീക്ഷ വെച്ചുപുലർത്താതിരുന്ന ജനങ്ങൾക്ക് അദ്ദേഹം മാർഗ്ഗദർശനം ചെയ്തു. (അല്ലാഹുവിനെ കാണുമെന്നോ, അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരുമെന്നോ ഉള്ള ചിന്തയൊന്നും അവർക്കുണ്ടായിരുന്നില്ല) അവർ മരിച്ചവരെ പോലെയായിരുന്നു. അവരിൽ ഈമാനും സൽക്കർമ്മവും ഈശ്വരജ്ഞാനത്തിന്റെ ചൈതന്യവും ഉണ്ടായിരുന്നില്ല. നിരാശരായി അവർ ജീവിതം നയിച്ചുപോന്നു. ആ മഹാത്മാവ് അവരെ നേർമാർഗ്ഗത്തിലേക്ക് നയിച്ചു. സംസ്കാര സമ്പന്നരാക്കി. ഈശ്വരജ്ഞാനത്തിന്റെ ഉന്നതനില വരെ എത്തിച്ചു. ഇതിന് മുമ്പേയുള്ള അവരുടെ അവസ്ഥ എന്തായിരുന്നു. അവർ ബഹുദൈവങ്ങളെ ആരാധിച്ചുപോന്നിരുന്നു. കല്ലുകളെ പൂജിച്ചിരുന്നു. ഏകനായ അല്ലാഹുവിലും പുനരുത്ഥാനത്തിലും അവർക്ക് വിശ്വാസമുണ്ടായിരുന്നില്ല. അവർ ബിംബങ്ങളുടെമേൽ വീണുകിടന്നിരുന്നു. ദൈവികശക്തികൾ ബിംബങ്ങൾക്കുണ്ടെന്ന് പറഞ്ഞുനടന്നിരുന്നു. (അതായത് ഓരോ കാര്യത്തിനും അവർ ബിംബങ്ങളെ സൃഷ്ടിച്ചിരുന്നു) എത്രത്തോളമെന്നാൽ മഴ പെയ്യിക്കുക, കായ്കനികൾ മുളപ്പിക്കുക, കുട്ടികളെ ഗർഭപാത്രത്തിൽ സൃഷ്ടിക്കുക, ജീവിതത്തേയും മരണത്തേയും സംബന്ധിച്ചുള്ള ഓരോ കാര്യങ്ങളും ചെയ്യുക തുടങ്ങിയവയെല്ലാം ചെയ്യുന്നത് ബിംബങ്ങളാണെന്ന് അവർ പറഞ്ഞിരുന്നു. അവരിലോരോരുത്തരും വിശ്വസിച്ചിരുന്നത് അവരുടെ വലിയ സഹായി ബിംബങ്ങൾ തന്നെയായിരുന്നുവെന്നാണ്. അതിനെ അവർ പൂജിച്ചിരുന്നു. വിപത്തുകൾ ഉണ്ടാകുമ്പോൾ തങ്ങളെ സഹായിക്കുന്നതും കർമ്മങ്ങൾ ചെയ്യുമ്പോൾ പ്രതിഫലം നല്കുന്നതും ബിംബങ്ങൾ തന്നെയെന്ന് വിശ്വസിച്ചിരുന്നു. അവരിലോരോരുത്തരും ആ കല്ലുകളുടെ മുമ്പിലേക്ക് ഓടുകയും അതിനോട് വിലപിക്കുകയും ചെയ്യുമായിരുന്നു. തങ്ങളുടെ ആഗ്രഹങ്ങളെല്ലാം തങ്ങൾക്ക് ബിംബങ്ങൾ പൂർത്തീകരിച്ചു തരുമെന്നുള്ള വിശ്വാസം അവരുടെ മനസ്സിൽ പതിഞ്ഞുകിടന്നിരുന്നു. ആഗ്രഹങ്ങൾ പൂർത്തീകരിച്ചുകൊടുക്കുക, ആരെയെങ്കിലും പിടിക്കുക തുടങ്ങിയ ബുദ്ധിമുട്ടുകളിൽനിന്നും അല്ലാഹു പവിത്രനാണെന്ന് അവർ വിശ്വസിച്ചിരുന്നു. അവനിലുള്ള ഈ എല്ലാ കഴിവുകളും ശക്തികളും, അത് ആത്മാവിനേയോ ശരീരത്തേയോ ഏതെങ്കിലും സൃഷ്ടിയേയോ സംബന്ധിച്ചുള്ളതാണെങ്കിലും സകലതും തന്റെ ബിംബങ്ങൾക്ക് അവൻ നല്കിക്കൊണ്ട് ഒരുഭാഗത്തേക്ക് മാറിയിരിക്കുകയാണ്. അങ്ങനെ അവൻ അവയ്ക്ക് ആദരവ് നല്കിക്കൊണ്ട് ആരാധനയുടെ ചാദുർ ധരിപ്പിച്ചിരിക്കുന്നു. (അതായത് ബിംബങ്ങൾക്ക് ദൈവം സർവാധിപത്യം നല്കിക്കൊണ്ട് ദൈവം സിംഹാസനത്തിൽ വിശ്രമിക്കുന്നു) ദൈവം ബുദ്ധിമുട്ടുകളിൽനിന്നെല്ലാം മാറിനില്ക്കുന്നു. അവരുടെ ബിംബം അവർക്കായി ദൈവസന്നിധിയിൽ ശിപാർശ ചെയ്യുന്നതാണ്. വേദനയിൽ നിന്ന് മുക്തി നല്കുന്നതാണ്."

വീണ്ടും അവിടന്ന് പറയുന്നു: "ഇക്കൂട്ടർ തിന്മകൾ ചെയ്തിരുന്നു. അതിൽ അവർ അഭിമാനിച്ചിരുന്നു. വ്യഭിചരിച്ചിരുന്നു. മോഷണം നടത്തിയിരുന്നു. യതീംകളുടെ മുതൽ അന്യായമായി തിന്നിരുന്നു. അക്രമം ചെയ്തിരുന്നു. കൊല ചെയ്തിരുന്നു. ജനങ്ങളെ കൊള്ളയടിച്ചിരുന്നു. കുട്ടികളെ കൊന്നിരുന്നു. അല്പംപോലും ഭയപ്പെട്ടിരുന്നില്ല. അവർ ചെയ്യാത്തതായ ഒരു പാപവും ഇല്ലായിരുന്നു. അവർ പൂജിക്കാത്ത ഒരു കള്ളദൈവങ്ങളും ഇല്ലായിരുന്നു. അവർ മനുഷ്യത്വത്തിന്റെ മര്യാദകൾ നഷ്ടപ്പെടുത്തി. മാനുഷികമായ സൽസ്വഭാവങ്ങളിൽനിന്ന് അകന്നുപോ

യി. വന്യമൃഗങ്ങളെപ്പോലെയായിത്തീർന്നു.”

വീണ്ടും അവിടന്ന് പറയുന്നു: “ദുഷ്ചെയ്തികളിലും ദൈവത്തോടുള്ള അനുസരണക്കേടിലും അവർ അതിരുകടന്നു. കാട്ടിലെ മൃഗങ്ങളെപ്പോലെ എന്തൊന്നാഗ്രഹിച്ചുവോ അത് ചെയ്തു. സ്ത്രീകളെ അപമാനിക്കുന്നത് അവരുടെ ശീലമായിരുന്നു. അവരുടെ മുതലാളിമാർ ചൂതുകളിയിലും മദ്യപാനത്തിലും ദുഷ്ചെയ്തികളിലും മുഴുകിയിരുന്നു. സഹോദരങ്ങളുടേയും യതീംകളുടേയും പാവപ്പെട്ടവരുടേയും അവകാശം പിടിച്ചെടുത്തിരുന്നു. ധനം ചെലവഴിക്കുമ്പോൾ അനാവശ്യമായും വ്യർത്ഥമായും ചെലവഴിച്ചിരുന്നു. വ്യഭിചാരത്തിലും, ശരീരേച്ഛകളെ താലോലിക്കുന്നതിലും പണം ഒഴുക്കിയിരുന്നു. സ്വയേച്ഛകളെ പൂജിക്കുന്നതിൽ പാരമ്യതയടഞ്ഞിരുന്നു. ദരിദ്രർക്കുവേണ്ടി ചെലവഴിക്കുക എന്നത് അവർക്ക് അസഹ്യമായിരുന്നു. പക്ഷേ, തങ്ങളുടെ സുഖഭോഗങ്ങൾക്കായി കണക്കില്ലാതെ ചെലവഴിച്ചിരുന്നു.”

ഇതായിരുന്നു അക്കാലത്തെ അറേബ്യൻ ജനതയുടെ അവസ്ഥ. ഇന്നും ഭൗതികജീവിതം ഇഷ്ടപ്പെടുന്നവരുണ്ട്. അല്ലാഹുവിനുവേണ്ടി അവരോട് ധനം ചോദിച്ചാൽ, പിശുക്കോടെ പ്രവർത്തിക്കുന്നു. എന്നാൽ, തങ്ങളുടെ അനാവശ്യകാര്യങ്ങൾക്കായി ഇഷ്ടംപോലെ ചെലവഴിക്കുന്നു.

വീണ്ടും പറയുന്നു: “അവർ തങ്ങളുടെ മക്കളെ പട്ടിണിയും പരിവട്ടവും ഭയന്ന് കൊല്ലാറുണ്ടായിരുന്നു. തങ്ങളുടെ പങ്കാളികളാരും മകളുടെ ഭർത്താവാകാതിരിക്കാൻ സ്വന്തം പെൺമക്കളെ കൊന്നിരുന്നു. ഇപ്രകാരം ദുഷ്സ്വഭാവങ്ങൾ അവർ അവരുടെ ഉള്ളിൽ കൂട്ടിക്കൂട്ടിവെച്ചിരുന്നു. സ്ത്രീകൾ വ്യഭിചാരവുമായും കാമുകന്മാരുമായും ബന്ധം വയ്ക്കുന്നവരായിരുന്നു. വ്യഭിചാരസന്തതികൾ പെരുകി. അവരുടെ വഴിയിൽ തടസ്സം നിന്നവരും അവരെ ഉപദേശിച്ചിരുന്നവരും സ്വന്തം ജീവനിൽ ഭയപ്പെട്ടിരുന്നു. ചുരുക്കത്തിൽ ഉപദേശകരുടെ ഉപദേശം കേൾക്കാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു ജനതയായിരുന്നു അറബികൾ. സൂക്ഷ്മതയോടെയുള്ള ജീവിതം അവർക്ക് അജ്ഞാതമായിരുന്നു. പറയുന്നതിൽ സത്യസന്ധരും വിധിയിൽ നീതി പുലർത്തുന്നവരും അവരിലുണ്ടായിരുന്നില്ല. അക്കൂട്ടർ ഇത്തരം കുഴപ്പങ്ങളിലും ദുഷ്ചെയ്തികളിലും അകപ്പെട്ടിരുന്ന അക്കാലത്ത്, അവരുടെ വാക്കും പ്രവൃത്തിയും കുഴപ്പങ്ങൾ കൊണ്ട് നിറഞ്ഞിരുന്ന അക്കാലത്ത് അല്ലാഹു അവർക്കായി മക്കയിൽ ഒരു റസൂലിനെ എഴുന്നേൽപിച്ചു. രിസാലത്തും നുബുവ്വത്തും എന്താണെന്ന് അവർക്കറിയുകയില്ലായിരുന്നു. അതിന്റെ യാഥാർത്ഥ്യവും അവർക്ക് ഒട്ടും അറിയുമായിരുന്നില്ല. അതുകൊണ്ട് അവർ നിഷേധവും അനുസരണക്കേടും കാണിച്ചു. തങ്ങളുടെ നിഷേധത്തിലും കുഴപ്പത്തിലും ഉറച്ചുനിന്നു. റസൂലുല്ലാഹ്(സ) അവരുടെ എല്ലാ ദ്രോഹവും സഹിച്ചു. എല്ലാ പീഡനങ്ങളിലും ക്ഷമ പാലിച്ചു. തിന്മയെ നന്മയോടും, കോപത്തിനെ സ്നേഹത്തോടും ബന്ധിപ്പിച്ചു. അവരെക്കുറിച്ച് ദുഃഖിക്കുന്നവനായും അവരെ സ്നേഹിക്കുന്നവനായും അവരുടെയടുക്കൽ വന്നു. ഒരു ദീർഘകാലം നബി (സ) തനിച്ചും ബഹിഷ്കൃതനെപ്പോലെയും മക്കയിലെ ഇടവഴികളിലൂടെ ചുറ്റിക്കറങ്ങിക്കൊണ്ടിരുന്നു. നുബുവ്വത്തിന്റെ ശക്തികൊണ്ട് എല്ലാ ശത്രുതയേയും നേരിട്ടു.”

ഇതായിരുന്നു അക്കാലത്ത് അറേബ്യൻജനതയുടെ അവസ്ഥ. അവരിലാണ് നബി(സ) നിയോഗിതനായത്. പക്ഷേ, റൂഹുൽഖുദ്സിനോടൊപ്പം നബിയെ അയച്ച അല്ലാഹു, അവിടന്ന് മുഖേന ലോകത്ത് ഒരു വിപ്ലവം ഉണ്ടാക്കണമായിരുന്നു, അവ തവിടെ സംഭവിച്ചു. അതുസംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “വിളിച്ചുപറയുന്ന അനുഗൃഹീത വ്യക്തിയിലേക്ക് ജനങ്ങൾ ആകർഷിക്കപ്പെടുന്ന ഒരുകാലം വന്നു. ഓരോ മാന്യന്മാരും കൂറുപ്രഖ്യാപിച്ചുകൊണ്ട് പുറത്തുവന്നു. അവർ ധനവും ജീവനുംകൊണ്ട് അല്ലാഹുവിന്റെ തൃപ്തിക്കായി പ്രയത്നിച്ചു. (ഇസ്‌ലാമിനുവേണ്ടി ജീവൻ ബലിയർപ്പിച്ചു.) അതിനുവേണ്ടി ബലിയുടെ പശുക്കൾ അറക്കപ്പെടുന്നതുപോലെ അവർ അറക്കപ്പെട്ടു. അവർ തങ്ങളുടെ ചോരകൊണ്ട് സാക്ഷി പറഞ്ഞു, അവർ ഒരു സത്യസന്ധരായ ജനതയാണെന്ന്. തങ്ങളുടെ കർമ്മങ്ങൾകൊണ്ട് തങ്ങൾ അല്ലാഹുവിന്റെ വഴിയിൽ ആത്മാർത്ഥതയുള്ളവരാണെന്ന് അവർ സ്ഥാപിച്ചുകാണിച്ചു. കുഫ്റിന്റെ കാലത്ത് അക്കൂട്ടർ ഇരുട്ടിന്റെ ഇരുമ്പഴിക്കുള്ളിൽ തടങ്കലിലായിരുന്നു. ഇസ്‌ലാമിന്റെ സന്ദേശസ്വീകരണം അവരെ ആവേശഭരിതരാക്കി. അവരെ, തിന്മ പ്രവർത്തിക്കുന്ന സ്ഥാനത്ത് നന്മ പ്രവർത്തിക്കുന്നവരായും ദ്രോഹങ്ങൾ ചെയ്യുന്ന സ്ഥാനത്ത് സൽകർമ്മങ്ങൾ ചെയ്യുന്നവരുമാക്കി മാറ്റി. രാത്രിയിലുള്ള മദ്യപാനത്തിന്റെ നേരത്ത് അവരെ നമസ്കരിക്കുന്നവരും ദൈവസവിധത്തിൽ വിലപിക്കുന്നവരുമാക്കിത്തീർത്തു. (രാത്രിയിൽ അവർ മദ്യപിച്ചിട്ടാണുറങ്ങിയിരുന്നത്. ആ അവസ്ഥ മാറ്റി നബി(സ)യുടെ പരിശുദ്ധശക്തി അവരെ ആ നേരത്ത് ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരാക്കി.) അവരുടെ പ്രഭാതത്തിലുള്ള മദ്യപാനം (രാവിലെയും അവർ മദ്യപിച്ചിരുന്നു. മദ്യം കഴിച്ചിട്ട് ഉറങ്ങുകയും ഉണർന്നാലുടനെ കുടിക്കുകയും ചെയ്യുന്നവരായിരുന്നു അവർ. സാധാരണ മദ്യപാനികൾ ചെയ്യാറുള്ളതാണിത്) പ്രഭാതനമസ്കാരവും തസ്ബീഹും ഇസ്തിഗ്ഫാറുമാക്കിമാറ്റി. അവർ

ദൃഢവിശ്വാസത്തിനുശേഷം തങ്ങളുടെ ധനവും ജീവനും അല്ലാഹുവിന്റെ വഴിയിൽ സന്തോഷത്തോടെ ചെലവഴിച്ചു."

പറയുന്നു: "അതിന്റെ സംക്ഷിപ്തം ഇതാണ്, വിശുദ്ധഖുർആന്റെ പാഠവും നബി(സ)തിരുമേനിയുടെ മാർഗ്ഗദർശനവും മൂന്നുതരത്തിൽ വിഭജിക്കപ്പെട്ടിരുന്നു. ഒന്നാമത്തേത്, മൃഗതുല്യരായവരെ മനുഷ്യരാക്കുക. മാനുഷികമായ മര്യാദകളും മൂല്യങ്ങളും അവർക്ക് നല്കുക. രണ്ടാമത്തേത് മനുഷ്യരിൽനിന്ന് അഭിവൃദ്ധിപ്പെടുത്തി സൽസ്വഭാവത്തിന്റെ പരിപൂർണ്ണ നിലവരെ അവരെ എത്തിക്കുക. മൂന്നാമത്തേത് സൽസ്വഭാവപരമായ പൂർണ്ണതയിൽനിന്നുയർത്തി അവരെ ദൈവസ്നേഹത്തിന്റെ നിലവരെ എത്തിക്കുക. അതായത് സാമീപ്യത്തിന്റേയും സംതൃപ്തിയുടേയും ലയനത്തിന്റേയും നിർവൃതിയുടേയും സ്ഥാനത്ത് അവരെ എത്തിക്കുക."

മനുഷ്യർ അല്ലാഹുവിന്റെ സാമീപ്യവും അവന്റെ പ്രീതിയും കരസ്ഥമാക്കാൻ ശ്രമിക്കുകയും അവന്റെ കൂടെ നില്ക്കാൻ പരിശ്രമിക്കുകയും അവനെ അന്വേഷിക്കുന്നതിലും അവന്റെ സംപ്രീതി കരസ്ഥമാക്കുന്നതിലും സ്വയം അവനിൽ അർപ്പിക്കുകയും ചെയ്തതുകൊണ്ടാണ് അവർക്ക് ആ സ്ഥാനം നല്കപ്പെട്ടത്. ആ സ്ഥാനത്ത് എത്തുമ്പോൾ അധികാരങ്ങളുടേയും വ്യക്തിത്വത്തിന്റേയും അടയാളം അവശേഷിക്കുകയില്ല. അവിടെ അല്ലാഹു മാത്രമേ ഉണ്ടാകുകയുള്ളൂ. ഈ ലോകം നശിച്ചതിനുശേഷം അല്ലാഹു താൻ മാത്രം ബാക്കിയാകുന്നതുപോലെ.

വീണ്ടും അവിടന്ന് പറയുന്നു: "നബി(സ) തിരുമേനിയുടെ പരിശുദ്ധശക്തി, പരിശുദ്ധമായ ശ്വാസോച്ഛ്വാസങ്ങൾ, അല്ലാഹുവിലേക്കുള്ള ആകർഷണം തുടങ്ങിയവയിൽനിന്ന് ഏത് രീതിയിലുള്ള ശക്തിയാണ് അവിടത്തേക്ക് നല്കപ്പെട്ടതെന്ന് മനസ്സിലാകുന്നു. അത് പരിശുദ്ധരും ജീവാർപ്പണം ചെയ്യാൻ സന്നദ്ധരുമായുള്ള ഒരു സംഘത്തെ സംഘടിപ്പിച്ചു. അങ്ങനെയങ്ങ് ജനങ്ങൾ സംഘടിക്കുന്നതാണെന്ന അജ്ഞരായ ജനങ്ങളുടെ ചിന്താഗതി തെറ്റാണ്. ഒരു ആകർഷണശക്തി ഉണ്ടാകാത്തിടത്തോളംകാലം ജനങ്ങൾ സംഘടിക്കുക എന്നത് ഒരിക്കലും സാധ്യമല്ല. അവിടത്തെ പരിശുദ്ധശക്തി, മറ്റൊരു നബിക്കും ലോകത്ത് കിട്ടാത്തതായിരുന്നു എന്നതാണ് എന്റെ മതം. നബി(സ) തിരുമേനിയുടെ പരിപാവനമായ ആകർഷണശക്തി ഉഗ്രമായിരുന്നു എന്നതുതന്നെയാണ് ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ രഹസ്യം. അവിടത്തെ വാക്കുകളിൽ സ്വാധീനശക്തിയുണ്ടായിരുന്നു. അത് കേട്ടുടനെ അവർ ആസക്തിയുള്ളവരായിത്തീർന്നു. ഏതൊരു കൂട്ടരെയാണോ അവിടന്ന് വലിച്ചടുപ്പിച്ചത് അവരെ പവിത്രവും പരിശുദ്ധവുമാക്കി. അതിനോടൊപ്പം അവിടത്തെ അധ്യാപനവും സരളവും സുവ്യക്തവുമായിരുന്നു. അത് ത്രിയേകത്വവും മറ്റ് ശിർക്കുപരമായ അധ്യാപനവും പോലെയായിരുന്നില്ല. നെപ്പോളിയനെക്കുറിച്ച് എഴുതിയിരിക്കുന്നു, അദ്ദേഹം മുസ്‌ലിമായിരുന്നു. ഇസ്‌ലാം സരളവും നേരെചൊവ്വേയുള്ള മതവുമാണെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു."

വീണ്ടും അവിടന്ന് പറയുന്നു: "ലോകത്ത് കോടിക്കണക്കിന് പരിശുദ്ധാത്മാക്കൾ കഴിഞ്ഞുകടന്നു. ഇനിയും ഉണ്ടായിക്കൊണ്ടിരിക്കും. പക്ഷേ, നാം ഏറ്റവും ഉത്തമനും ഉന്നതനും ഗുണസമ്പന്നനുമായി ഈ ദൈവികപുരുഷനെ കണ്ടു. ഇദ്ദേഹത്തിന്റെ നാമം മുഹമ്മദ്(സ) എന്നാണ്. ***ഇന്നല്ലാഹ വ മലാഇക്കത്തഹു യുസ്വല്ലൂന അലന്നബിയ്യി യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വസല്ലിമൂ തസ്‌ലീമാ*** (33:57). ഖുർആൻ വിശദമായി വിവരിച്ചിട്ടില്ലാത്ത ആ ജനതകളുടെ പുണ്യാത്മാക്കളുടെ സ്മരണ തല്ക്കാലം അവിടെ നില്ക്കട്ടെ. വിശുദ്ധഖുർആൻ പ്രതിപാദിച്ച നബിമാരെ സംബന്ധിച്ച് മാത്രമാണ് നാം അഭിപ്രായം പറയുന്നത്. അതായത്, ഹദ്റത്ത് മൂസാ, ഹദ്റത്ത് ദാവൂദ്, ഹദ്റത്ത് ഈസാ(അ); അതുപോലുള്ള നബിമാരും. നാം അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്തുപറയുന്നു. നബി (സ) ലോകത്ത് വന്നില്ലായിരുന്നെങ്കിൽ, വിശുദ്ധഖുർആൻ ഇറങ്ങിയില്ലായിരുന്നെങ്കിൽ നാം നേരിൽകണ്ട ആ അനുഗ്രഹങ്ങൾ നമുക്ക് കാണാൻ സാധിക്കുമായിരുന്നില്ല. എന്നുമാത്രമല്ല, ആ കഴിഞ്ഞുകടന്ന നബിമാരെ തിരിച്ചറിയാൻ നമുക്ക് കഴിയുകയുമില്ലായിരുന്നു. (അതായത് ആ നബിമാരുടെ സത്യത നമുക്ക് വ്യക്തമാകുമായിരുന്നില്ല. മറിച്ച്, സംശയം ഉളവാക്കുന്നതാകുമായിരുന്നു.) കാരണം കഥകളിലൂടെ യഥാർത്ഥം വെളിപ്പെടുകയില്ല. കഥകൾ അടിസ്ഥാനരഹിതമാകാനും ഇടയുണ്ട്. അവർ കാണിച്ചുവെന്ന് പറയപ്പെടുന്ന അത്ഭുതങ്ങളും അതിശയോക്തിപരമായേക്കാം. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ അവരുടെ പേരോ അടയാളമോ ലോകത്തില്ല. എന്നല്ല, കഴിഞ്ഞുകടന്ന ഗ്രന്ഥങ്ങളിൽനിന്ന് അല്ലാഹുവിനെക്കുറിച്ച് തന്നെയും ഒന്നും വ്യക്തമായി മനസ്സിലാകുന്നില്ല. അല്ലാഹു മനുഷ്യനുമായി സംസാരിക്കുന്നു എന്ന കാര്യം മനസ്സിലാക്കാൻ സാധിക്കുന്നില്ല. എന്നാൽ, നബി(സ) വെളിപ്പെട്ടതോടെ ഇതെല്ലാം യഥാർത്ഥമായ വർണ്ണത്തിൽ പുറത്തുവന്നു. ഇപ്പോൾ പറഞ്ഞുകേട്ടതുകൊണ്ടല്ല, നിലവിലെ പ്രവർത്തനം കണ്ടുകൊണ്ട് ഇക്കാര്യം നാം നല്ലവണ്ണം മനസ്സിലാക്കുന്നു. അല്ലാഹുവുമായിട്ടുള്ള സംഭാഷണം എന്താണെന്ന്

അനുഭവത്തിയിലൂടെ നാം മനസ്സിലാക്കി. അല്ലാഹുവിന്റെ അടയാളം എങ്ങനെ വെളിപ്പെടുന്നു എങ്ങനെയാണ് അല്ലാഹു പ്രാർത്ഥനകൾ സ്വീകരിക്കുന്നത് ഇതെല്ലാം നാം നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ട് പ്രാപിച്ചു. അന്യജനത കഥപോലെ വിശദീകരിക്കുന്ന കാര്യങ്ങൾ നാം നേരിട്ടുകണ്ടു. ദൈവത്തെ കാണിച്ചുതരുന്ന ഒരു നബിയുടെ കോന്തലയാണ് നമ്മൾ പിടിച്ചിട്ടുള്ളത്. ആരോ പറഞ്ഞത് എത്ര വാസ്തവമാണ്. 'അദ്ദേഹത്തെ ദൈവം എന്നു പറയാൻ പറ്റില്ല. എങ്കിലും പറയുന്നു, അദ്ദേഹത്തിന്റെ നില തിരിച്ചറിയുന്നതിലാണ് ദൈവം തിരിച്ചറിയപ്പെടുന്നത്.' അത്തരം നബിയെ പിൻപറ്റാൻ ഭാഗ്യം സിദ്ധിച്ച നാം എങ്ങനെയാണ് നന്ദി പ്രകടിപ്പിക്കേണ്ടത്.

''ഭൗതിക ശരീരങ്ങൾക്ക് സൂര്യനെ എന്നപോലെ ഭാഗ്യവാന്മാരായ ആത്മാക്കൾക്ക് സൂര്യനായിക്കൊണ്ട് അയച്ച നബിയെ പിൻപറ്റാൻ ഭാഗ്യം സിദ്ധിച്ച നാം എങ്ങനെയാണ് അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കേണ്ടത്. അദ്ദേഹം അന്ധകാരകാലഘട്ടത്തിൽ ഉദിച്ചു. തന്റെ വെളിച്ചംകൊണ്ട് ലോകത്തെ പ്രകാശിപ്പിച്ചു. അറേബ്യയുടെ സകല ഭാഗത്തേയും ശിർക്കിൽനിന്ന് പരിശുദ്ധമാക്കുന്നതുവരെ അദ്ദേഹം ക്ഷീണിച്ചില്ല. ശോഷിച്ചതുമില്ല. അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവ് അദ്ദേഹത്തിന്റെ ജീവിതം തന്നെയാണ്. കാരണം അദ്ദേഹത്തിന്റെ പ്രകാശം എല്ലാ പ്രകാശത്തിലും ഉണ്ട്. തെളിമയാർന്നതും സംശുദ്ധമായതുമായ നദിയിലെ വെള്ളം അഴുക്കുവസ്ത്രത്തെ വൃത്തിയാക്കുന്നതുപോലെ അദ്ദേഹത്തെ സത്യമായ നിലയിൽ പിൻപറ്റൽ മനുഷ്യനെ പരിശുദ്ധനാക്കിത്തീർക്കുന്നു. സത്യഹൃദയത്തോടെ നമ്മുടെ അടുക്കൽ വന്നിട്ട് ആ പ്രകാശത്തെ കാണാത്ത ആരാണുള്ളത്. സദുദ്ദേശ്യത്തോടെ ആ വാതിലിൽ മുട്ടിവിളിച്ചിട്ട് അവനുവേണ്ടി അത് തുറക്കാതിരുന്നിട്ടുണ്ടോ? അഹോ കഷ്ടം! മനുഷ്യൻ തരംതാണ ജീവിതമാണ് ഇഷ്ടപ്പെടുന്നത്. ഉള്ളിൽ പ്രകാശം കടക്കണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല.

നബി(സ) പഴയ നബിമാരെക്കുറിച്ചും നമുക്ക് ഇന്ന് പറഞ്ഞുതന്നു. അതിനോടൊപ്പം അനശ്വരജീവിതം പ്രാപിക്കുന്നതും എന്നെന്നും നിലനില്ക്കുന്നതുമായ അധ്യാപനവും ധർമ്മശാസ്ത്രവും നബി(സ) യുടേത് തന്നെയാണെന്നും മനസ്സിലായി. ആ പരിശുദ്ധമായ ശക്തി അതിന്റെ പ്രവർത്തനം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. അവിടത്തെ സത്യസന്ധനായ പ്രേമി ആ പരിശുദ്ധമായ ശക്തിയിൽനിന്ന് ഓഹരിപ്രാപിച്ച് ഇന്ന് നമുക്ക് ദൈവസാമീപ്യം പ്രാപിക്കാനുള്ള വഴി കാണിച്ചുതന്നിരിക്കുന്നു.

നബി(സ)യുടേയും ഖുർആന്റേയും സ്ഥാനത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഖാത്തമുന്നബിയ്യീൻ എന്ന പദം നബി(സ) തിരുമേനിക്കായി പറയപ്പെട്ടു. ഇതിൽനിന്ന് നബി(സ) തിരുമേനിക്ക് ഇറങ്ങിയ ഗ്രന്ഥവും ഖാത്തമുൽ ഖുതുബ് ആണെന്നുള്ളത് പ്രകടമാണ്. എല്ലാ വചനങ്ങളും അതിലടങ്ങിയിട്ടുണ്ട്. (മുഴുലോകത്തേയും എല്ലാ കാര്യങ്ങളും അതിൽ അന്തർലീനമാണ്. അത് ഖാത്തം ആണെന്നതിന്റെ അടയാളവും ഇതുതന്നെയാണ്.) ഇറങ്ങുന്ന ആളിന്റെ പരിശുദ്ധശക്തിയും ആന്തരികമായ തികവും അനുസരിച്ചുള്ള ശക്തിയും സൗന്ദര്യവും ആ ആളിന്നിറങ്ങുന്ന ഗ്രന്ഥത്തിനും ഉണ്ടാകും. നബി(സ) തിരുമേനിയുടെ പരിശുദ്ധശക്തിയും ആന്തരികമായ തികവും ഉന്നതനിലയിലുള്ളതായിരുന്നു. അതിനെ കവച്ചുവയ്ക്കുന്ന ഒന്ന് ഇന്നുവരെ ആർക്കും ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുകയുമില്ല. അതുകൊണ്ടാണ് വിശുദ്ധഖുർആന് മുമ്പേ യുണ്ടായിരുന്ന ഗ്രന്ഥങ്ങളേക്കാളും ഏടുകളേക്കാളും ഉന്നതമായ സ്ഥാനവും നിലയും അതിനുണ്ടായത്. കാരണം നബി(സ) തിരുമേനിയുടെ കഴിവുകളും പരിശുദ്ധശക്തികളും എല്ലാത്തിനേക്കാളും ഉയർന്നതായിരുന്നു. എല്ലാ സ്ഥാനങ്ങളും തികവുകളും നബിയിൽ പരിപൂർത്തീകരിച്ചുകഴിഞ്ഞിരുന്നു. അവിടന്ന് അങ്ങേയറ്റത്തെ പദവിയിൽ എത്തിയിരുന്നു. ആ സ്ഥാനത്താണ് നബിയുടെ മേൽ ഇറങ്ങിയ വിശുദ്ധഖുർആൻ പൂർണ്ണതയിലെത്തിയത്. നുബുവ്വത്തിന്റെ ശ്രേഷ്ഠത നബി(സ) തിരുമേനിയിൽ അവസാനിച്ചതുപോലെ അത്ഭുതകരമായ വചനങ്ങളുടെ ശ്രേഷ്ഠത വിശുദ്ധഖുർആനിൽ അവസാനിച്ചു.''

അതായത് വിശുദ്ധഖുർആന്റെ അത്ഭുതദൃഷ്ടാന്തം അത് വിശുദ്ധഖുർആന്റെ മേൽതന്നെ അവസാനിച്ചു. ഇതിനുശേഷം അത്ഭുതദൃഷ്ടാന്തം കാണിക്കുന്ന ഒരു ഗ്രന്ഥവുമില്ല.

പറയുന്നു: "അവിടന്ന് ഖാത്തമുന്നബിയ്യീനായി, അവിടത്തെ ഗ്രന്ഥം ഖാത്തമുൽകുതുബുമായി. എത്രത്തോളം നിലകളും ശ്രേഷ്ഠതകളും ഒരു ഗ്രന്ഥത്തിലുണ്ടാകാമോ അതിന്റെയെല്ലാം അടിസ്ഥാനത്തിൽ അവിടത്തെ ഗ്രന്ഥം അഗ്രമസ്ഥാനത്തെത്തി."

നബി(സ)യുടെ സ്ഥാനത്തേയും പരിശുദ്ധമായ സ്വാധീനശക്തിയേയും കുറിച്ച് പറയുന്നു: '***ഇഹ്ദിനസ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത അലയ്ഹിം***' എന്നതിൽ എല്ലാ ആത്മീയാനുഗ്രഹങ്ങളും ബർക്കത്തുകളും അവസാനിച്ചിരിക്കുന്നുവെന്നും അധ്വാനവും പരിശ്രമവുമൊന്നും ഫലം ചെയ്യുകയില്ലെന്നുമുള്ള ഇക്കാലത്തെ മൗലവിമാരുടെ അഭിപ്രായത്തെ ഖണ്ഡിച്ചിരിക്കുകയാണ്. അനുഗ്രഹിക്കപ്പെട്ടയാളുകൾക്ക് ലഭിച്ചിരുന്ന അനു

ഗ്രഹമൊന്നും ആർക്കും ലഭിക്കുകയില്ലത്രെ! ഇക്കൂട്ടർ വിശുദ്ധഖുർആന്റെ അനുഗ്രഹങ്ങളെ നിഷ്ഫലമായി കാണുന്നു. നബി(സ) തിരുമേനിയുടെ പവിത്രമായ സ്വാധീനശക്തിയെ അംഗീകരിക്കുന്നവരല്ല ഇവർ. ഒരാൾക്കുപോലും അനുഗ്രഹിക്കപ്പെട്ടവരുടെ നിറം തങ്ങളിൽ പൂശാൻ കഴിയുകയില്ലെന്നാണ് ഇവർ പറയുന്നത്. അപ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുന്നതുകൊണ്ടുള്ള നേട്ടമെന്താണ്? അങ്ങനെയല്ല, ഈ വിശ്വാസക്കാർ പറയുന്നത് തെറ്റാണ്. അവർ കൊടും തെറ്റിലാണുള്ളത്. നബിയുടെ കാലത്തുണ്ടായിരുന്നതുപോലെ ആ അനുഗ്രഹത്തിന്റേയും ബർക്കത്തിന്റേയും കവാടം ഇന്നും തുറന്നിരിക്കുന്നു. പക്ഷേ, അതെല്ലാം ലഭിക്കുന്നത് നബി(സ) തിരുമേനിയെ പിൻപറ്റുന്നതിലൂടെ മാത്രമാണ്. നബിയെ പിൻപറ്റാതെ ഈ അനുഗ്രഹം ആർക്കെങ്കിലും ലഭിക്കുന്നുണ്ടെന്ന് അവകാശപ്പെടുന്നവൻ അസത്യവാനാണ്. പെരുംകള്ളനാണ്."

വീണ്ടും പറയുന്നു: "അല്ലാഹു നബി(സ)നെക്കുറിച്ച് പറഞ്ഞു. '***ഇന്നാ അഅ്ത്വയ്നാക്കൽകൗസർ***' നബിതിരുമേനിക്ക് ആൺമക്കളില്ല എന്ന് ഒരു അവിശ്വാസി ആക്ഷേപിച്ചു പറഞ്ഞപ്പോഴാണ് ഈ വചനം ഇറങ്ങിയത്. അയാൾ 'അബ്തർ' എന്ന പദം പറഞ്ഞിരുന്നുവോ എന്നറിയില്ല. അല്ലാഹു പറഞ്ഞു: '***ഇന്ന ശാനിഅക്ക ഹുവൽ അബ്തർ***' നിന്റെ ശത്രു തന്നെയായിരിക്കും സന്താനരഹിതൻ. ആത്മീയമായ നിലയിൽ ജനങ്ങൾ ഇസ്‌ലാമിലേക്ക് വരും. അവർ അവിടത്തെ മക്കളായി ഗണിക്കപ്പെടും. അവിടത്തെ അറിവുകളുടേയും അനുഗ്രഹങ്ങളുടേയും അനന്തരാവകാശികളായിരിക്കും. അതിൽനിന്ന് ഒരു ഓഹരി പ്രാപിക്കും. ഈ വചനത്തെ '***മാ കാന മുഹമ്മദുൻ അബാ അഹദിൻമ്മിൻർറിജാലിക്കും വലാക്കിൻർറസൂലല്ലാഹി വഖാത്തമന്നബിയ്യീന***' എന്ന വചനവുമായി ചേർത്തുവായിക്കുക. എന്നാൽ, യാഥാർത്ഥ്യം മനസ്സിലാകും. നബി(സ) തിരുമേനിക്ക് ആത്മീയസന്താനങ്ങളും ഇല്ലായിരുന്നെങ്കിൽ അവിടന്ന് അബ്തർ ആയിപ്പോകുമായിരുന്നു. അത് ശത്രുക്കളുടെ വാദം ശരിവെക്കുമായിരുന്നു. നമ്മൾ ഇക്കാലത്തെ ഭൂരിപക്ഷമുസ്‌ലിംകൾ വിശ്വസിക്കുന്നതുപോലെ വിശ്വസിക്കാൻ പാടില്ല. അങ്ങനെയായാൽ നബി(സ) ന്റെ പ്രവചനത്തെ നിഷേധിക്കുന്നവരാകും. നബിതിരുമേനി(സ)ക്ക് ധാരാളം ആത്മീയസന്താനങ്ങളുണ്ട്.

"സത്യവാനായ മുസ്‌ലിമിന് നബി(സ)ന്റെ പവിത്രമായ സ്വാധീനം അവസാനകാലംവരെയാണെന്ന് വിശ്വസിക്കേണ്ടിവരും. അത് എന്നെന്നേക്കുമുള്ളതാണ്. 1300 വർഷം മുമ്പേ ഉണ്ടായിരുന്നതുപോലെ ഇന്നും അത് നിലവിലുണ്ട്. അതിനുള്ള തെളിവിനായിട്ടാണ് അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചത്. അന്ന് പ്രകടമായിരുന്നതുപോലെ ഇന്നും അതേ അടയാളങ്ങളും അനുഗ്രഹങ്ങളും പ്രകടമായിക്കൊണ്ടിരിക്കുന്നു.

"അഹോ കഷ്ടം! ഈ എതിരാളികൾ ബുദ്ധിയുപയോഗിച്ചിരുന്നെങ്കിൽ, മനസ്സിലാക്കിയിരുന്നെങ്കിൽ. ഇസ്‌ലാമിനും ഖുർആനുമുള്ള തങ്ങളുടെ സേവനവും നബി(സ) തിരുമേനിയോടുള്ള സ്നേഹവും സത്യമാണെന്ന് സ്ഥാപിതമാകുന്നത് റൂഹുൽ ഖുദുസിനാൽ സഹായിക്കപ്പെട്ട മസീഹ് മഹ്ദിയുടെ ജമാഅത്തിൽ ചേരുമ്പോഴാണ്. അതുകൊണ്ട് കുറച്ചെങ്കിലും നിങ്ങൾ ഭയപ്പെടേണ്ടതാണ്. പ്രത്യേകിച്ച് തങ്ങളുടെ കഴിവ് ചെലവാകുന്ന മുസ്‌ലിംരാഷ്ട്രങ്ങളിലും മറ്റ് രാഷ്ട്രങ്ങളിലും സ്ഥലങ്ങളിലും ഇവർ എതിർപ്പിൽ മികച്ചിരിക്കുകയാണ്. പൊതുജനങ്ങളുടെ വിചാരത്തെ ജമാഅത്തിന്നെതിരിൽ ഉണർത്തിവിടുന്നതിനു പകരം- അതുകൊണ്ട് സമൂഹത്തിൽ വെറുപ്പിന്റെ വിത്ത് വിതയ്ക്കുന്നു എന്നല്ലാതെ മറ്റൊരു നേട്ടവുമില്ല- ചിന്തിക്കേണ്ടതാണ്. മൃഗതുല്യരായവരെ മനുഷ്യരാക്കാനാണ് നബി (സ) വന്നത്. എന്നാൽ, ഇവർ മനുഷ്യരെ മൃഗതുല്യരാക്കാൻ ശ്രമിക്കുകയാണ്. മസീഹ് മഹ്ദിയെ വിശ്വസിക്കുകയും അങ്ങനെ ആ മഹാനായ പ്രവാചകൻ, ഖാത്തമുന്നബിയ്യീന്റെ പരിശുദ്ധ ശക്തിപ്രഭാവത്തിൽനിന്ന് അനുഗ്രഹങ്ങൾ തേടുകയും ചെയ്യുക."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഇക്കാലത്തെ മുസ്‌ലിംകൾ മുമ്പുണ്ടായിരുന്ന അത്ഭുതാടയാളങ്ങളും അനുഗ്രഹങ്ങളും നിലച്ചുപോയി എന്ന് വിശ്വസിക്കുന്നതിൽ എനിക്ക് വിഷമമുണ്ട്. ഇത് അവരുടെ നിർഭാഗ്യതയാണ്. അവർ സ്വയം യഥാർത്ഥ ഇസ്‌ലാമായ ആ അത്ഭുതങ്ങളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും പിൻതള്ളപ്പെട്ടതാണ്. നബി(സ)നെ പരിപൂർണ്ണമായി പിൻപറ്റുന്നതിലൂടെയാണ് അത് ലഭിക്കുന്നത്. ഈ അനുഗ്രഹങ്ങളെല്ലാം മുമ്പേ കിട്ടിയിരുന്നുവെന്നും ഇപ്പോൾ കിട്ടുകയില്ല എന്നുമാണ് അവർ മനസ്സിലാക്കിവെച്ചിരിക്കുന്നത്. ഇത്തരം നിരർത്ഥകമായ വാദത്താൽ ഇവർ നബിയുടെ മഹത്വത്തിനുമേലാണ് ആക്രമണം നടത്തുന്നത്.

"ഇസ്‌ലാമിന് ഇവർ ചീത്തപ്പേരുണ്ടാക്കുന്നു. മുസ്‌ലിംകളിൽ ഈ വിഷം വ്യാപിച്ചപ്പോൾ മുസ്‌ലിം വീടുകളിൽ നബിതിരുമേനിയെ അപമാനിക്കുന്നവർ പിറവികൊണ്ടപ്പോൾ അല്ലാഹു എന്നെ അയച്ചു; ഇസ്‌ലാമിന്റെ അനുഗ്രഹങ്ങളും ദിവ്യാത്ഭുതങ്ങളും എക്കാലത്തും പുതിയതായി നിലനില്ക്കുന്നുവെന്ന് കാണിക്കുന്നതിനുവേണ്ടി. ലക്ഷക്കണക്കിന് ആളുകൾ സാക്ഷിയാണ്. അവർ ഈ അനുഗ്രഹങ്ങൾ

കണ്ടിരിക്കുന്നു. നൂറുക്കണക്കിന് ആളുകൾ ഇതിൽ ഭാഗഭാക്കായി. ഇത് നബി(സ) തിരുമേനിയുടെ ശക്തി പ്രഭാവത്തിന്റെ വ്യക്തമായ തെളിവാണ്. ഈ നിലയിൽ ഇന്ന് ഒരു നബിയുടേയും അനുയായികൾക്ക് ഞങ്ങൾ കാണിക്കുന്നതുപോലുള്ള ആ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും കാണിക്കാൻ സാധ്യമല്ല. ഏറ്റവും കൂടുതൽ രോഗികളെ ആരാണോ ചികിത്സിച്ച് ഭേദമാക്കുന്നത് അയാൾ ശ്രേഷ്ഠനായിരിക്കുന്നതുപോലെ ആത്മീയമായ വിപ്ലവം ഏറ്റവും കൂടുതൽ ഉണ്ടാക്കുന്നവൻ ശ്രേഷ്ഠനായിരിക്കും. അതിന്റെ പരമ്പര അനശ്വരമായിരിക്കും.

അതുകൊണ്ട് നബി(സ)യുടെ പരിശുദ്ധശക്തിയുടെ അനുഗ്രഹം ഇന്നും വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. ഇക്കാലത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം റൂഹുൽ ഖുദുസിന്റെ സഹായമുള്ളത് നാം കാണുന്നു. അവൻ പറഞ്ഞതുപോലെ നബി(സ)യുടെ പരിശുദ്ധശക്തി ജീവിച്ചിരിക്കുന്നവനും പരമപരിശുദ്ധനുമായ അല്ലാഹുവിന്റെ തിളക്കമാണ്. താൻ ഒരുപാട് ഔദാര്യം കാണിക്കുന്നവനാണെന്നും തന്റെ റസൂലിനെ സഹായിക്കാൻ എഴുന്നേറ്റുനില്ക്കുമെന്നും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞിരുന്നു. അല്ലാഹുവിന്റെ ഈ പെരുമാറ്റം മസീഹ് മൗഊദ്(അ)നോടും അവിടത്തെ ജമാഅത്തിനോടുമൊപ്പം ഇന്നും നടന്നുവരുന്നു. റൂഹുൽ ഖുദുസിനോടൊപ്പം സഹായത്തിന്റെ അനുഗ്രഹം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. അവസാനം വന്നവരെ ആദ്യം വന്നവരുമായി കൂട്ടിച്ചേർത്ത അല്ലാഹുവിന്റെ പെരുമാറ്റമാണിത്. സൽകർമ്മകാരികളെ അത് ഇന്നും വയറുനിറയെ കുടിപ്പിക്കുന്നു. തന്റെ ഖുദ്ദൂസിയ്യത്തിന്റെ പ്രഭകൊണ്ട് ഇക്കാലത്തെ ജനങ്ങൾക്കും അനുഗ്രഹങ്ങൾ നല്കുന്നു. നബി(സ)യിൽനിന്ന് തുടങ്ങിയ പരിശുദ്ധ അനുഗ്രഹത്താൽ ഇക്കാലത്തും അല്ലാഹു തന്റെ സത്യസന്ധനായ പ്രേമിയുടെ ജമാഅത്തിനെ അനുഗ്രഹിക്കുന്നു. വ്യക്തിപരമായ നിലയിലും സാമൂഹികപരമായ നിലയിലും നാം അതിന്റെ കാഴ്ചകൾ കാണുന്നു. എല്ലാ അഹ്മദികളും എന്നല്ല ചില അന്യരും ഇത് കണ്ടിട്ടുള്ളതാണ്. ഇന്നേക്ക് കുറച്ചുവർഷം മുമ്പേ എങ്ങനെയാണ് അല്ലാഹു സത്യവിശ്വാസിയുടെ ഹൃദയത്തെ പരിശുദ്ധമാക്കിക്കൊണ്ട് തന്റെ പരിശുദ്ധനബി(സ)യുടെ സത്യത തെളിയിക്കാൻ അവിടത്തെ ഓരോ വാക്കും പൂർത്തിയാക്കിക്കൊണ്ട് അവിടത്തെ സത്യസന്ധനായ പ്രേമിയുടെ വാക്കുകൾ സത്യമായി തെളിയിച്ചത്. അവൻ രണ്ടാം ശക്തിപ്രഭാവത്തിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുന്നതിന് സത്യവിശ്വാസികളുടെ ഹൃദയങ്ങളെ ഒരു ദുആ കൊണ്ട് നിറച്ചു. 'അല്ലാഹുവേ, ഞങ്ങളെ തനിച്ചുവിട്ടുകളയരുതേ. ഖിലാഫത്ത് വ്യവസ്ഥിതി എപ്പോഴും ഞങ്ങളിൽ നിലനിറുത്തേണമേ.'

"ഓരോ സത്യവിശ്വാസിയും തങ്ങളുടെ ഹൃദയത്തിന്റെ അത്യത്ഭുതകരമായ അവസ്ഥ കണ്ടു. അത് എന്തായിരുന്നു? അത് ഇക്കാലഘട്ടത്തിൽ പരമപരിശുദ്ധന്റേയും അവന്റെ റസൂലിന്റേയും പരിശുദ്ധശക്തിയുടെ വെളിപെടലായിരുന്നു. അവൻ ഈ ദിനങ്ങളിൽ എല്ലാ ഹൃദയങ്ങളേയും പരിശുദ്ധവും പവിത്രവുമാക്കിയിരുന്നു. ചിലർക്ക് സ്വപ്നങ്ങളിലൂടെ ഖുദ്ദൂസായ അല്ലാഹു സാന്ത്വനം നല്കിയിരുന്നു. പിന്നീട് ലോകം കണ്ടു. കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹം അല്ലാഹു ഓരോ ഹൃദയങ്ങളിലും നിറച്ചു. ഖലീഫയുടെ മനസ്സിലും എല്ലാവരോടും സ്നേഹം നിറച്ചു."

ജമാഅത്തും ഖിലാഫത്തും ഒരു ശരീരം പോലെ എന്നുമെന്നും നിലനില്ക്കും. ഇൻശാഅല്ലാഹ്. ആ ജീവസ്സുറ്റ നബിയുടെ അനുഗ്രഹം തന്നെയാണിത്. അത് ഓരോ നിമിഷവും നമ്മുടെ ഈമാനെ വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കും. ഈ കാഴ്ച ജനങ്ങൾ എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നതാണ്. ഇൻശാഅല്ലാഹ്. പക്ഷേ ഇതിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നത് നാം എപ്പോഴും നമ്മുടെ ഹൃദയത്തെ അവൻ പറഞ്ഞതനുസരിച്ച് പരിശുദ്ധമാക്കിവെക്കുമ്പോഴായിരിക്കും. അല്ലാഹു എല്ലാവർക്കും ഇതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാം ഖുത്ബയിൽ പറഞ്ഞു. മുഖറം സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് നാസിർ അഅ്‌ലാ വ അമീർ മഖാമി ഖാദിയാൻ കഴിഞ്ഞ രണ്ടുദിവസമായി സുഖമില്ലാതെ ഗുരുതരാവസ്ഥയിലാണ്. അങ്ങേയറ്റം വിഷമകരമായ നിലയിലാണുള്ളത്. കഠിനമായ ഹൃദയാഘാതത്തെത്തുടർന്ന് വഷളായ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയിൽ ഡോക്ടർമാർ ആശങ്കയിലാണ്. അദ്ദേഹത്തിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹുതആല ഫള്ല് ചെയ്യുമാറാകട്ടെ.


| | |
|---|---|
| Khuthba | *Translated by: Muhammad Ismail, Alleppey* |
| Hadhrat Mirza Masroor Ahmad | Mob: 94466 56123 Resi.: 0497 3294865 |
| Khalifathul Masih V | Page Layout & Typeset: BRB, Kannur |
| on 27.4.2007 at Baithulfutuh, London | Published by: Majlis Khuddamul Ahmadiyya, Kerala |